"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ മാവേലിക്കര നിയോജക മണ്ഡലത്തിലെ തഴക്കര ഗ്രാമമപഞ്ചായത്ത് വാർഡ് 20 - കല്ലുമല ഐ.റ്റി.ഐ ജംഗ്ഷൻ - പുറ്റംപാട്ട്മുക്ക് റോഡ് എന്ന പ്രവൃത്തി റദ്ദ്ചെയ്ത് പകരം തഴക്കര പഞ്ചായത്ത് വാർഡ് 7 "ഗുരുമന്ദിരം ജംഗ്ഷൻ - പഴംഞ്ചിറകുളം റോഡ്" പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(പി.പി)വകുപ്പ്**

സ.ഉ.(സാധാ) നം.166/2023/LSGD തീയതി,തിരുവനന്തപുരം, 19-01-2023

---

പരാമർശം:-
1. 04.11.2020 തീയതിയിലെ സ.ഉ.(കൈ)നം.170/2020/തസ്വഭവ.
2. 10.11.2021തീയതിയിലെ സ.ഉ.(സാധാ)നം.2245/2021/തസ്വഭവ.
3. 23.11.2022 തീയതിയിലെ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ DB4/12568/RKI(492)/20/CE/LSGD നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം 5054-80-800-66 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി 492 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിരുന്നു. ടി പ്രവൃത്തികൾക്ക് നിർദ്ദേശിച്ചിരുന്ന 5054-80-800-66 എന്ന ശീർഷകം പരാമർശം (2) പ്രകാരം പരിഷ്കരിച്ച് ഗ്രാമപ്രദേശവുമായി ബന്ധപ്പെട്ടവയുടെ ചെലവ് 4515-00-800-92 Works included in Appendix II to Detailed Budget Estimate(Details of Public Works)എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

ആലപ്പുഴ ജില്ല, മാവേലിക്കര നിയോജക മണ്ഡലം, തഴക്കര ഗ്രാമപഞ്ചായത്ത്, വാർഡ് 20 കല്ലുമല ഐ.റ്റി.ഐ ജംഗ്ഷൻ - പുറ്റംപാട്ട്മുക്ക് റോഡ് (ക്രമനമ്പർ 337) എന്ന പ്രവൃത്തിക്ക് പരാമർശം (1) പ്രകാരം 15 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ടി പ്രവൃത്തി പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചതിനാൽ പകരമായി തഴക്കര പഞ്ചായത്തിലെ വാർഡ് 7 ഗുരുമന്ദിരം ജംഗ്ഷൻ-പഴഞ്ചിറകുളം റോഡ് നിർമ്മിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ 11.84 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സഹിതം ശിപാർശ പരാമർശം(3) പ്രകാരം സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം 15 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ ആലപ്പുഴ ജില്ല, മാവേലിക്കര നിയോജക മണ്ഡലം, തഴക്കര ഗ്രാമപഞ്ചായത്ത്, വാർഡ് 20 കല്ലുമല ഐ.റ്റി.ഐ ജംഗ്ഷൻ - പുറ്റംപാട്ട്മുക്ക് റോഡ് എന്ന പ്രവൃത്തി റദ്ദ് ചെയ്ത് പകരം ആലപ്പുഴ ജില്ല, മാവേലിക്കര നിയോജക മണ്ഡലം, തഴക്കര ഗ്രാമപഞ്ചായത്തിലെ വാർഡ് 7 "ഗുരുമന്ദിരം ജംഗ്ഷൻ-പഴഞ്ചിറകുളം റോഡ്" എന്ന പ്രവൃത്തിക്ക് 11.84 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രീത.കെ.എസ്.

അഡിഷണൽ സെക്രട്ടറി

പകർപ്പ്

ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്.

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

സെക്രട്ടറി, തഴക്കര ഗ്രാമപഞ്ചായത്ത്.

ട്രഷറി ഡയറക്ടർ

ധനകാര്യ വകുപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശ സ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Manju.l.s.
Date: 20-01-2023 10:58:29

സെക്ഷൻ ഓഫീസർ